"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 25-01-2022

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

## സർക്കുലർ നം 4

ജയിൽ വകുപ്പിലെ ജീവനക്കാർക്കും അന്തേവാസികൾക്കുമായി ആരോഗ്യവകുപ്പിലെ വിദഗ്ധരുടെ നേതൃത്വത്തിൽ **27.01.2022 രാവിലെ 10.00 മണി മുതൽ 12.00 മണി** വരെ ഒമിക്രോൺ / കോവിഡ് 19 അവബോധക്ലാസ് സംഘടിപ്പിക്കുന്നു. ഓൺ ലൈനായി സംഘടിപ്പിക്കുന്ന പ്രസ്തുത അവബോധക്ലാസിൽ പരമാവധി 500 പേർക്ക് കമ്പ്യൂട്ടർ / ലാപ്പ് ടോപ്പ് / മൊബൈൽ ഫോൺ എന്നിവ മുഖാന്തിരം ലോഗിൻ ചെയ്ത് പങ്കെടുക്കാവുന്നതാണ്. അവബോധക്ലാസ് ലൈവായി എല്ലാ അന്തേവാസികളിലേയ്ക്കും എത്തിക്കുവാൻ സൗകര്യമുള്ള ജയിലുകളിൽ അപ്രകാരവും അല്ലാത്ത ജയിലുകളിൽ പ്രസ്തുത സെഷൻ റെക്കോർഡ് ചെയ്ത് സൗകര്യപ്രദമായ സമയത്ത് പല സെഷനുകളിലായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് എല്ലാ അന്തേവാസികൾക്കുമായി പ്രദർശിപ്പിക്കേണ്ടതുമാണ്.

ഓരോ ജയിലിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഉദ്യോഗസ്ഥർ അവരവരുടെ മൊബൈൽ ഫോണോ അനുയോജ്യമായ മറ്റ് ഉപകരണങ്ങൾ മുഖേനയോ ഈ ട്രെയിനിംഗ് സെഷനിൽ പങ്കെടുക്കേണ്ടതാണ്. അതാതു സ്ഥാപനമേധാവികൾ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരം ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. മേഖലാ ഡി.ഐ.ജിമാർ ഈ പ്രവർത്തനം വിജയിപ്പിക്കുന്നതിനാവശ്യമായ മേൽനോട്ട നിർവ്വഹണം നടത്തേണ്ടതാണ്. പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ വിവരം **26.01.2022 വൈകുന്നേരം 3 മണിയ്ക്കുമുമ്പായി ജയിൽ ആസ്ഥാനകാര്യാലയത്തിൽ** it.prisons@kerala.gov.in എന്ന മെയിലിൽ അറിയിക്കേണ്ടതാണ്. അവധിയിലിരിക്കുന്ന ഉദ്യോഗസ്ഥർക്കും ഈ സെഷനിൽ പങ്കെടുക്കാവുന്നതാണ്.

ട്രെയിനിംഗ് സെഷനിലെ വിദഗ്ധരുമായി സജീവമായ ആശയവിനിമയം നടത്തി ജയിലുകളിൽ ഒമിക്രോൺ / കോവിഡ് 19 ഫലപ്രദമായി തടയുന്നതുമായി ബന്ധപ്പെട്ട എല്ലാവിധ സംശയങ്ങളും ദുരീകരിക്കേണ്ടതാണ്.

തടവുകാർക്ക് ലൈവ് വീഡിയോ / റെക്കോർഡഡ് വീഡിയോ കാണിക്കുന്ന സമയത്ത് കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കുന്നതിന് സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ട്രെയിനിംഗ് സെഷനിൽ പങ്കെടുക്കുന്നതിനായുള്ള LINK ഇതോടൊപ്പം ചേർക്കുന്നു. സാങ്കേതിക സഹായങ്ങൾക്കായി ജയിൽ ആസ്ഥാനകാര്യാലയം ടെക്നിക്കൽ സെല്ലുമായി (0471-2344164) ബന്ധപ്പെടാവുന്നതാണ്.

Join Zoom Meeting
https://us02web.zoom.us/j/87289972622?pwd=V2Z3dlIMU0Z0c0tlODI0ZTZvN3crUT09

Meeting ID: 872 8997 2622
Passcode: 501501

| SL No | Jails | Total |
|---|---|---|
| South Zone | | |
| Thiruvananthapuram | | |
| 1 | Prisons Headquarters | 25 |
| 2 | DIG (SZ) & SICA | 10 |
| 3 | Central Prison, Tvpm | 50 |
| 4 | Open Prison, Nettukaltheri | 15 |
| 5 | Women's Prison, Tvpm | 10 |
| 6 | Women's Open Prison, Poojappura, Tvpm | 3 |
| 7 | District Jail, Tvpm, Poojappura | 15 |
| 8 | Special Sub Jail, Tvpm | 10 |
| 9 | Special Sub Jail, Neyyattinkara | 5 |
| 10 | Sub Jail, Attingal | 3 |
| Kollam | | |
| 11 | District Jail, Kollam | 10 |
| 12 | Special Sub jail, Kottarakkara | 5 |
| Pathanamthitta | | |
| 13 | District jail, Pathanamthitta | 3 |
| Alappuzha | | |
| 14 | District jail, Alappuzha | 5 |
| 15 | Special Sub jail, Mavelikkara | 5 |
| | Total | 174 |
| Central Zone | | |
| Thrissur | | |
| 16 | DIG (CZ) | 5 |
| 17 | Central Prison, Viyyur | 40 |
| 18 | High Security Prison, Viyyur | 15 |
| 19 | Women's Prison, Viyyur | 5 |
| 20 | District Jail, Viyyur | 10 |
| 21 | Special Sub jail, Iringalakuda | 7 |
| 22 | Sub Jail, Chavakkad | 3 |
| 23 | Sub Jail, Viyyur | 3 |
| Ernakulam | | |
| 24 | District jail, Ernakulam | 10 |
| 25 | Borstal School, Thrikkakkara | 4 |
| 26 | Special Sub jail, Muvattupuzha | 4 |
| 27 | Sub Jail, Aluva | 3 |
| 28 | Sub Jail, Ernakulam | 3 |
| 29 | Sub Jail, Mattanchery | 3 |

| | | |
|---|---|---|
| Idukki | | |
| 30 | District Jail, Idukki | 10 |
| 31 | Special Sub jail, Devikulam | 4 |
| 32 | Sub Jail, Peerumade | 3 |
| Kottayam | | |
| 33 | District jail, Kottayam | 5 |
| 34 | Special Sub jail, Ponkunnam | 4 |
| 35 | Sub Jail, Meenachil | 3 |
| | Total | 144 |
| North Zone | | |
| Kannur | | |
| 36 | DIG (NZ) | 5 |
| 37 | Central Prison, Kannur | 50 |
| 38 | Women's Prison, Kannur | 5 |
| 39 | District Jail, Kannur | 10 |
| 40 | Special Sub Jail, Kannur | 5 |
| 41 | Special Sub Jail, Thalassery | 5 |
| 42 | Sub Jail, Kannur | 3 |
| Kasaragod | | |
| 43 | Open Prison, Cheemeni | 15 |
| 44 | District jail, Hosdurg, Kasargod | 5 |
| 45 | Special Sub jail, Kasaragod | 5 |
| Wayanad | | |
| 46 | District jail, Manathavady, Wayanad | 8 |
| 47 | Special Sub jail, Vythiri | 5 |
| Malappuram | | |
| 48 | Central Prison, Thavanur | 5 |
| 49 | Special Sub jail, Manjeri | 5 |
| 50 | Sub Jail, Tirur | 3 |
| 51 | Sub Jail, Ponnani | 3 |
| 52 | Sub Jail, Perinthalmanna | 3 |
| Kozhikode | | |
| 53 | District Jail, Kozhikode | 10 |
| 54 | Special Sub Jail, Kozhikode | 5 |
| 55 | Sub Jail, Vatakara | 3 |
| 56 | Sub Jail, Koyilandy | 3 |
| Palakkad | | |
| 57 | District Jail, Palakkad | 10 |
| 58 | Special Sub jail, Chittoor | 5 |
| 59 | Sub Jail, Ottappalam | 3 |
| 60 | Sub Jail, Alathur | 3 |
| | Total | 182 |
| | Grand Total | 500 |

എസ് സന്തോഷ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : 1) ഡി.ഐ.ജി ഓഫ് പ്രിസൺസ്, ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല
2) ഐ.റ്റി സെൽ ഇൻ ചാർജ്ജ്, ജയിൽ ആസ്ഥാനകാര്യാലയം
3) ഓഫീസ് കോപ്പി